# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. SEPTEMBER 2026. ₹5.00

VOL. 11 - ISSUE NO. 03 - DATE OF PUBLICATION - 25TH SEPTEMBER, 2026 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## സമർപ്പണ പ്രവർത്തനത്തിന്റെ, ഒരുമയുടെ, കൈമാറ്റം.



കേരളം സർക്കാർ

**REIMAGINING KERALAM**
Ideas. Projects. Action.

### ആശയങ്ങളിൽ നിന്ന് കൃത്യതയാർന്ന നിർവ്വഹണത്തിലേക്ക്...

# പുതുയുഗ കേരള നിർമ്മിതിയിൽ സമാനതകളില്ലാത്ത ചരിത്ര അദ്ധ്യായം

**സംസ്ഥാന ബജറ്റ് പദ്ധതികൾ കൃത്യതയോടെ സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാരിന്റെ സവിശേഷ ഏകോപന മാതൃക**



### നിർവ്വഹണ തികവ്

**40+** വകുപ്പുകളിലെ **73** തന്ത്രപ്രധാന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സമഗ്ര കർമ്മപദ്ധതി.

### മിഷൻ സമുദ്ര

വിഴിഞ്ഞം തുറമുഖം കേന്ദ്രീകരിച്ച് അന്താരാഷ്ട്ര മാരിടൈം ഇക്കോണമി ഹബ്ബ്.

### വിജ്ഞാന സമ്പദ്‌വ്യവസ്ഥ

'നോളജ് വാലി'യിലൂടെ ആഗോള ഗവേഷണ ഇന്നൊവേഷൻ കേന്ദ്രങ്ങൾ.

### സാമൂഹിക ക്ഷേമം

സിൽവർ ഇക്കോണമിയും പാർശ്വവത്കരിക്കപ്പെട്ടവർക്കുള്ള പ്രത്യേക പദ്ധതികളും.

### സ്പോർട്സ് വിഷൻ 2036

അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങളും മികച്ച പരിശീലന കേന്ദ്രങ്ങളും.

### നഗര വികസനം

ഗതാഗത വിപ്ലവം സൃഷ്ടിക്കുന്ന ഏവിയേഷൻ ഹബ്ബും സാമ്പത്തിക ഇടനാഴികളും.

### ആഗോള നിക്ഷേപം

**AI**, സ്പേസ് ഇക്കോണമി വഴി വൻകിട നിക്ഷേപവും തൊഴിലവസരങ്ങളും.

### എക്സ്പീരിയൻസ് ഇക്കോണമി

പൈതൃകവും കലയും ടൂറിസവും കോർത്തിണക്കുന്ന സമ്പദ്‌വ്യവസ്ഥ.

### സുസ്ഥിര ഭാവി

ഹരിത ഊർജ്ജത്തിനും ദുരന്ത അതിജീവനത്തിനുമായി 'റെസിലിയന്റ് കേരളം'.

KSIDC INVEST in KERALA
NATURE PEOPLE INDUSTRY

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Anvar K.V. .......... ✆ 93499 35511
Eshaque K........... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➢ **എഡിറ്റോറിയൽ:**
ഉജ്ജ്വല പ്രവർത്തനത്തിന് അഭിനന്ദനങ്ങൾ...
തുടർച്ചക്കാർക്ക് സ്വാഗതം! ........................... 3

➢ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
സഹകരണത്തിന് നന്ദി ........................................ 5

➢ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
എമർജൻസി ക്രെഡിറ്റ് ലിങ്ക്സ് ഗ്യാരന്റി സ്കീമിന്റെ
(ECLGS) കാലാവധി 2027 മാർച്ച് 31വരെ നീട്ടണം .....7

➢ യുപിഐ: ജനകീയ ഡിജിറ്റൽ സംവിധാനത്തിന്
മേൽ ചാർജിന്റെ ഭാരം........................................ 8

➢ KERA കാർഷിക മൂല്യവർദ്ധിത സംരംഭങ്ങൾക്ക്
ഒന്നരക്കോടി രൂപ വരെ ഗ്രാൻഡ് നല്കാൻ
പുതിയ പദ്ധതി ................................................ 12

➢ സംരംഭകത്വത്തിന് അംഗീകാരത്തിന്റെ രുചി,
ദേശീയ അംഗീകാര നിറവിൽ
പി.എം.എഫ്.എം.ഇ. കേരളം...................................14

➢ 'റീഇമാജിനിങ് കേരളം' ഭാവിയെ
രൂപപ്പെടുത്തുമ്പോൾ..........................................16

➢ കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസ്സോസി
യേഷൻ സംസ്ഥാന ഭാരവാഹികൾ 2026-2028.... 19

➢ കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസ്സോസിയേ
ഷൻ സ്റ്റേറ്റ് കോൺഫറൻസിന്റെയും 66-ാമത് വാ
ർഷിക പൊതുയോഗത്തിന്റെയും ദൃശ്യങ്ങൾ ......... 20

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - SEPTEMBER 2026 - ₹5.00

## എഡിറ്റോറിയൽ

# ഉജ്ജ്വല പ്രവർത്തനത്തിന് അഭിനന്ദനങ്ങൾ... തുടർച്ചക്കാർക്ക് സ്വാഗതം!



സംഘടനാ പ്രവർത്തനം ഒരു നിസ്വാർത്ഥ കർമ്മമാണ്. അത് തെളിയിച്ചവർ ആയിരുന്നു നമ്മുടെ മുൻഭാരവാഹികൾ. അതേ ഊർജ്ജത്തോടെ സംഘടനയെ നയിക്കാൻ പുതിയ ഭാരവാഹികൾക്കും കഴിയും എന്നുള്ള പൂർണ്ണ വിശ്വാസത്തോടെ നമുക്ക് അവരെ സ്വാഗതം ചെയ്യാം.

ഭാരവാഹിത്വം ഒഴിയുക എന്നത് സംഘടന പ്രവർത്തനങ്ങളിൽ നിന്നുള്ള വിരമിക്കൽ അല്ല, അവരുടെ അനുഭവ സമ്പത്തിന്റെ ഊർജ്ജം പകർന്നുകൊണ്ട് അവരും നമ്മോടൊപ്പം ഉണ്ടാകും, ഉണ്ടാകണം. അതാണ് നമ്മുടെ പ്രതീക്ഷയും ശക്തിയും.

നമ്മുടെ സംഘടനയുടെ ലക്ഷ്യം വ്യവസായത്തിന്റേയും, നാടിന്റേയും വികസനമാണ്. ഇപ്പോൾ നമ്മുടെ സംഘടനാ സ്ഥിതി ഗവൺമെന്റിന്റെ സഹകരണവും അംഗീകാരവും നേടി നല്ല ഗതിയിൽ തുടരുകയാണ്. ഈ ഗതിഭേദം നിർണയിക്കുന്നത് അംഗങ്ങളുടെ ഒരുമയാണ്. അതാണ് നമ്മുടെ ശക്തിയും.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

# സഹകരണത്തിന് നന്ദി...



## പ്രസിഡൻഷ്യൽ റിപ്പോർട്ട്

എന്റെ നേതൃത്വത്തിലുള്ള കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ ഭരണ സമിതിയുടെ കാലാവധി സെപ്റ്റംബർ 26-ാം തീയതി അവസാനിക്കുകയാണ്. 2006-2008 കാലഘട്ടത്തിൽ കൊല്ലം ജില്ലാ ട്രഷറർ, 2008-2010 ജോയിന്റ് സെക്രട്ടറി, 2010-2012 സംസ്ഥാന ജോയിന്റ് സെക്രട്ടറി, 2012-2014 സംസ്ഥാന ട്രഷറർ, 2014-2016 കൊല്ലം ജില്ലാ പ്രസിഡന്റ്, 2016- 2020 സംസ്ഥാന ജനറൽ സെക്രട്ടറി, 2020-2022 വൈസ് പ്രസിഡന്റ്, 2022-2026 നാല് കൊല്ലം സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ രണ്ട് പതിറ്റാണ്ട്കാലം സംഘടനയുടെ ഭാരവാഹിയായി പ്രത്യേകിച്ചു രണ്ടു ടേം പ്രസിഡന്റ് സ്ഥാനത്തുനിന്നും വ്യവസായ മേഖലയുടെ വളർച്ചയ്ക്കും സംഘടനയുടെ കെട്ടുറപ്പിനും ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിയ്ക്കാൻ എനിക്ക് സാധിച്ചുവെന്നത് പ്രത്യേകം എടുത്ത് പറയട്ടെ.

ഇന്ന് സംസ്ഥാനത്തു നിലനിൽക്കുന്ന അഭൂതപൂർവ്വമായ വ്യവസായ വികസനത്തിനു സാക്ഷ്യം വഹിക്കാൻ വ്യവസായ സമൂഹത്തിനു സാധിച്ചതിൽ സംഘടന വഹിച്ച പങ്ക് എത്രയോ വലുതാണ് വ്യവസായികൾക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ നേരിട്ട ലൈസൻസ് സംബന്ധമായ കാലതാമസവും ബുദ്ധിമുട്ടുകളും ലഘൂകരിക്കാനും റെഡ് കാറ്റഗറി ഒഴിച്ചുള്ള 50 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവ

സായങ്ങൾ തുടങ്ങാൻ മൂന്നര വർഷം വരെ ലൈസൻസിൽ നിന്നും ഒഴിവാക്കൽ, എല്ലാ ലൈസൻസുകളും ഒരേ സ്ഥലത്തുനിന്നും നിശ്ചിത സമയങ്ങളിൽ ലഭിക്കാൻ ഏക ജാലക സംവിധാനം, 64 വർഷം പഴക്കമുള്ള വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഡവലപ്പ്മെന്റ് പ്ലോട്ട്, ഡവലപ്പ്മെന്റ് ഏരിയ എന്നിവടങ്ങളിലെ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ ശാശ്വത പരിഹാരം കാണാൻ സാധിച്ചത് സംഘടനയുടെ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ട ഒരു ചരിത്ര സംഭവമാണ്. 3 കോടി രൂപവരെ സബ്സിഡിയോടുകൂടി സ്വകാര്യ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുമതി, സംരംഭകരുടെ പരാതികളിൽ പ്രശ്നപരിഹാര ത്തിൽ സംസ്ഥാന ജില്ലാതല പ്രശ്ന പരിഹാര സമിതികൾ, വ്യവസായം തുടർച്ചയായി പ്രവർത്തിക്കുന്നതിനു തടസ്സമില്ലാതെ വൈദ്യുതിയുടെ ലഭ്യത തുടങ്ങി നിരവധി വ്യവസായ മേഖലയ്ക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിനോടും വ്യവസായ വകുപ്പിനോടും തോളോട് തോൾ ചേർന്ന് പ്രവർത്തിയ്ക്കാൻ എന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയ്ക്കു കഴിഞ്ഞുവെന്നത് അഭിമാനത്തോടെ പറഞ്ഞുകൊള്ളട്ടെ. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ മറ്റു സംസ്ഥാനങ്ങളെ പിന്തള്ളിക്കൊണ്ട് നമ്മുടെ സംസ്ഥാനം 28-ാം റാങ്കിൽ നിന്നും രണ്ടു പ്രാവശ്യം ഒന്നാം സ്ഥാനം കൈവരിച്ചത് ഈ കാലഘട്ടത്തിലാണെന്നുള്ള വസ്തുത കൂടി ഇവിടെ സൂചിപ്പിക്കുകയാണ്.

വ്യവസായ മേഖലയുടെ വികസനത്തിനു വഹിച്ച പങ്കിനോടൊപ്പം സംഘടനയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കും എന്റേതായ ചെറുതല്ലാത്ത പങ്കുണ്ട്. രണ്ടു ടേമുകളിലായി രണ്ട് ഇന്റർനാഷണൽ വ്യവസായ എക്സിബിഷനുകൾ സംഘടിപ്പിച്ചു. ഇതിൽ നിന്നും ലഭിച്ച വരുമാനവും ചേർത്ത് തിരുവനന്തപുരത്ത് തലസ്ഥാന നഗരിയിൽ 7 സെന്റും കെട്ടിടവും വാങ്ങി റീജിയണൽ ഓഫീസ് പ്രവർത്തനമാരംഭിക്കാൻ സാധിച്ചു. കളമശ്ശേരിയിലുള്ള സംസ്ഥാന ഓഫീസിന്റെ ഒന്നാം നിലയ്ക്കു മുകളിൽ ഇന്റർനാഷണൽ തലത്തിലുള്ള കോൺഫ്രൻസ് ഹാളും വിദേശ വ്യവസായ പ്രതിനിധികളുമായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്തുന്നതിനുള്ള കെട്ടിട നിർമ്മാണത്തിന്റെ ഉദ്ഘാടനവും 2028 ൽ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഇന്ത്യ - ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സിബിഷന്റെ 3-ാം എഡിഷന്റെ ലോഗോ പ്രകാശനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. 12 ജില്ലകൾക്ക് സ്വന്തമായ ഓഫീസ് സംവിധാനം സ്ഥാപിക്കാനും എന്റെ കാലയളവിൽ സാധിച്ചു. കെ.എസ്.എസ്.ഐ.എ. ടെക്നോസിറ്റിയ്ക്ക് ട്രേഡ് മാർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചതും ഈ കാലഘട്ടത്തിലാണ്. 3000 ത്തിലധികം അംഗസംഖ്യ വർദ്ധിപ്പിക്കാനും, 18 ഇൻഡസ്ട്രിയൽ സെക്ടർ സംഘടനകളെ അംഗത്വം എടുപ്പിക്കാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ കെ.എസ്.എസ്.ഐ.എ. ന്യൂസിന്റെ 48 എഡിഷൻ തുടർച്ചയായി പ്രസിദ്ധീകരിക്കാനും സാധിച്ചു. വയനാട് ചൂരൽമല മുണ്ടക്കൈ പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഘടന പിരിച്ച 21,40,000/- രൂപ നല്കി. അതിനുശേഷം 50 ലക്ഷം രൂപ നീക്കിയിരുപ്പും വ്യവസായ മേഖലയ്ക്കും സംഘടനയ്ക്കും അഭിമാനിക്കത്തെ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ടാണ് എന്റെ ഭരണ സമിതി വിടവാങ്ങുന്നത്. സർക്കാർ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും സംഘടനയുടെ യശസ്സും അംഗീകാരവും ഉയർത്താൻ എന്റെ നാലുവർഷത്തെ പ്രവർത്തന കാലഘട്ടത്തിൽ സാധിച്ചുവെന്നത് അഭിമാനകരമാണ്. എന്റെ കാലഘട്ടത്തിൽ എന്നോടും എന്റെ ഭരണ സമിതിയോടും കാണിച്ച സഹകരണത്തിനു മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ, മുൻ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്, മുൻ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ, മുൻ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ്, മുൻ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, അഡീഷണൽ ചീഫ് സെക്രട്ടറി (വ്യവസായം) ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കിൻഫ്രാ സിഡ്കോ എം.ഡി. ശ്രീ. സന്തോഷ് കോശി തോമസ്, മുൻ വ്യവസായ ഡയറക്ടർമാരായ ശ്രീ. ഹരികിഷോർ, ശ്രീ. വിഷ്ണുരാജ്, ശ്രീ. അരുൺ കെ. വിജയൻ ഇപ്പോഴത്തെ എം.എസ്.എം.ഇ. ഡി.എഫ്.ഓ. ഡയറക്ടർ ശ്രീ. ജി.എസ്. പ്രകാശ്, കെബിപ്പ് - സി.ഇ.ഓ. ശ്രീ. എസ്. സൂരജ്, കാനറാ ബാങ്ക് എസ്.എൽ.ബി.സി. കൺവീനർ ശ്രീ. പ്രേംകുമാർ, ഇപ്പോഴത്തെ കൺവീനർ ശ്രീ. സന്തോഷ് കുമാർ, വ്യവസായ അഡീഷണൽ ഡയറക്ടർമാർ, കെ.എസ്.ഇ.ബി. ചെയർമാൻ, വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ, വ്യവസായ ഉദ്യോഗസ്ഥൻമാർ, മറ്റു വ്യവസായ സംഘടനാ ഭാരവാഹികൾ തുടങ്ങി വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാരോടുമുള്ള നന്ദി ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്.

എന്റെ ഭരണസമിതിയുമായി കൂട്ടായി സഹകരിച്ചു പ്രവർത്തിച്ച ജില്ലാ പ്രസിഡന്റുമാർ, ജനറൽ കൗൺസിൽ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ, ജില്ലാ ഭാരവാഹികൾ, സംസ്ഥാന സബ്ജ് കമ്മിറ്റി അംഗങ്ങൾ, വ്യവസായ സുഹൃത്തുക്കൾ, എന്നിവർ നല്കിയ സഹകരണവും നന്ദിയോടെ ഓർത്തുകൊണ്ട് പുതിയതായി അധികാരമേറ്റ ജില്ലാ ഭാരവാഹികൾക്കും സെപ്റ്റംബർ 26-ാം തീയതി അധികാരമേറ്റെടുക്കുന്ന സംസ്ഥാന ഭാരവാഹികൾക്കും എല്ലാ വിധ ആശംസകളും നേർന്നുകൊണ്ട് ഒരിക്കൽക്കൂടി എന്നോടു കാണിച്ച സഹകരണത്തിന് ആത്മാർത്ഥമായ നന്ദിപറയുന്നു.

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**


PAZHUPPARAMBATH foods
Ponkathir®
THE BRAND OF HAPPINESS
HOT IDIYAPPAM
IN JUST 2 MINUTES.
Ponkathir
THE BRAND OF HAPPINESS
INSTANT IDIYAPPAM
ഇൻസ്റ്റന്റ് ഇടിയപ്പം
15 Pcs
NET WT. 200G
2 min Break fast
Keep in boiled water for 2 minute, Strain and Serve hot
UPMA READY
IN 5 MINUTES
The brand of happiness
Ponkathir
Instant
UPMA MIX
5 MINUTES INSTANT
No Artificial Flavours & Colours
+91 98475 13880
info@ponkathir.com





# എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരന്റി സ്കീമിന്റെ (E.C.L.G.S) കാലാവധി 2027 മാർച്ച് 31 വരെ നീട്ടണം.

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

അവിചാരിതമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളോ, യുദ്ധാന്തരീക്ഷം മൂലമോ രാജ്യത്തെ ചെറുകിട വ്യവസായങ്ങൾ സാമ്പത്തികമായി സമ്മർദ്ദത്തിലാകുകയോ, ബുദ്ധിമുട്ടുകൾ നേരിടുകയോ ചെയ്യുന്ന ഘട്ടത്തിൽ ചെറുകിട വ്യവസായങ്ങളെ ലളിതമായ വ്യവസ്ഥയിൽ സാമ്പത്തിക വായ്പ അനുവദിക്കുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരന്റി പദ്ധതി. കോവിഡ് മഹാരോഗം ബാധിച്ച ഘട്ടത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഈ പദ്ധതി കോവിഡ് രണ്ടാം ഘട്ടത്തിലും കേരളത്തിലുണ്ടായ മഹാ പ്രളയഘട്ടത്തിലും ഇതിന്റെ കാലാവധി നാല് പ്രാവശ്യമായി നീട്ടുകയുണ്ടായി.

പശ്ചിമേഷ്യൻ യുദ്ധഭീഷണിയെ തുടർന്ന് പ്രതിസന്ധിയിലായ വ്യവസായങ്ങൾക്ക് സാമ്പത്തിക വായ്പ ലഭ്യത ഉറപ്പാക്കാൻ കേന്ദ്രസർക്കാർ കൊണ്ടുവന്ന ഈ പദ്ധതിയുടെ അഞ്ചാം പതിപ്പാണ് ഇ.സി.എൽ.ജി.എസ്. 2.55 ലക്ഷം കോടി രൂപയുടെ വായ്പയാണ് ലക്ഷ്യമിട്ടിരുന്നത്. മെയ് 8 ന് ആരംഭിച്ച് 2027 മാർച്ച് 31 ന് വരെയാണ് ഇതിന്റെ കാലാവധി നിശ്ചയിച്ചിരുന്നത്. എന്നാൽ ആഗസ്റ്റ് 20 ആയപ്പോഴേയ്ക്കും 2.55 ലക്ഷം കോടി രൂപയുടെ




വായ്പകൾ ഇതിനകം നല്കി കഴിഞ്ഞതുകൊണ്ട് ഈ പദ്ധതി തുടക്കം വെച്ച് നിർത്തുകയാണുണ്ടായത്. ഈ പദ്ധതി പ്രകാരം അപേക്ഷിച്ച അർഹരായ ഒട്ടേറെ വ്യവസായങ്ങൾക്ക് വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ബാങ്കുകൾ തുടങ്ങിയിരുന്നു. പദ്ധതിയുടെ കാലാവധി നിശ്ചിത തീയതിയ്ക്കുള്ളിൽ ഇടയ്ക്ക് വെച്ച് നിർത്തിവെച്ചതുകൊണ്ട് ബാങ്കുകൾക്കും വായ്പകൾ എടുക്കാനിരിക്കുന്നവർക്കും ആശയക്കുഴപ്പവും ബുദ്ധിമുട്ടുകളും നേരിടുന്ന ഒരവസ്ഥയാണുള്ളത്.

പശ്ചിമേഷ്യൻ യുദ്ധത്തെ തുടർന്ന് ഇന്ത്യയിലും പ്രത്യേകിച്ചു കൊച്ചു സംസ്ഥാനമായ കേരളത്തിലേയും എം.എസ്.എം.ഇ. കൾ തങ്ങൾക്കാവശ്യമായ വിദേശത്തുനിന്നും കൊണ്ടുവരേണ്ടയിരിക്കുന്ന അസംസ്കൃത സാധനങ്ങളുടെ ലഭ്യതകുറവുകൊണ്ടും ഉൽപ്പാദന രംഗം സജീവമാകാതെ വിദേശ രാഷ്ട്രങ്ങളിലേയ്ക്ക് ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കാൻ സാധിക്കാതെ സാമ്പത്തികമായി വൻ തകർച്ച നേരിട്ട ഒരവസ്ഥ ഉണ്ടായിട്ടുണ്ട്. എം.എസ്.എം.ഇ. കൾക്ക് സഹായകരമായി സർക്കാർ പ്രഖ്യാപിച്ച പദ്ധതി കാലാവധിയ്ക്ക് മുൻപ് അവസാനിപ്പിച്ചതു നീതിയ്ക്കു നിരക്കാത്തതും വ്യവസായ മേഖലയോടുള്ള കടുത്ത അവഗണനയുമാണ്. ഈ പദ്ധതിയുടെ കാലാവധി നേരത്തെ നിശ്ചയിച്ച 2027 മാർച്ച് 31 വരെ നീട്ടി പണം ലഭ്യതയ്ക്കുവേണ്ടി സമർപ്പിച്ച എല്ലാ അപേക്ഷകർക്കും സാമ്പത്തിക വായ്പ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണമെന്നും പദ്ധതിയുടെ കാലാവധി 2027 വരെ നീട്ടണമെന്നും കേന്ദ്രസർക്കാരിനോടും പദ്ധതിയുടെ കാലാവധി 2027 മാർച്ച് 31 വരെ നീട്ടിക്കിട്ടുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും കേരള സർക്കാരിനോട് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ അഭ്യർത്ഥിക്കുന്നു.

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**




# യുപിഐ: ജനകീയ ഡിജിറ്റൽ സംവിധാനത്തിന് മേൽ ചാർജിന്റെ ഭാരം



ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd

ഇന്ത്യയുടെ ഡിജിറ്റൽ സാമ്പത്തിക വിപ്ലവത്തിന്റെ ഏറ്റവും ജനകീയമായ മുഖമാണ് യുപിഐ അഥവാ Unified Payments Interface. ഒരു കാലത്ത് ബാങ്ക് അക്കൗണ്ട് നമ്പറും ഐ.എഫ്.എസ്.സി. കോഡും എഴുതിയും ചെക്ക് നൽകിയും പണം കൈമാറിയിരുന്നിടത്ത് ഇന്ന് ഒരു മൊബൈൽ ഫോൺ മാത്രം ഉപയോഗിച്ച് ഏതാനും സെക്കൻഡുകൾക്കുള്ളിൽ ഇടപാട് പൂർത്തിയാക്കാം. വലിയ നഗരങ്ങളിലെ വ്യാപാര സ്ഥാപനങ്ങൾ മുതൽ ഗ്രാമത്തിലെ ചെറിയ കടകൾ, വഴിയോര കച്ചവടക്കാർ, ഓട്ടോറിക്ഷാ ഡ്രൈവർമാർ, വീട്ടമ്മമാർ, വിദ്യാർത്ഥികൾ തുടങ്ങി സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും യുപിഐ കടന്നെത്തിയിരിക്കുന്നു.

ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ ലാളിത്യവും സൗജന്യപരതയും തന്നെയായിരുന്നു. ഉപഭോക്താവിന് അധിക ചെലവില്ല; ചെറിയ വ്യാപാരിക്ക് കാർഡ് മെഷീൻ ആവശ്യമില്ല; പണം കൈയിൽ സൂക്ഷിക്കേണ്ടതില്ല; ബാങ്കിംഗ് സംവിധാനവുമായി നേരിട്ട് ബന്ധപ്പെടാതെ തന്നെ ഒരു QR കോഡ് ഉപയോഗിച്ച് പണമിടപാട് നടത്താം. അതുകൊണ്ടുതന്നെയാണ് യുപിഐ ഒരു സാങ്കേതിക സംവിധാനമെന്നതിലുപരി സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായത്.

എന്നാൽ ഇപ്പോൾ യുപിഐ ഇടപാടുകളിൽ Merchant Discount Rate അഥവാ MDR ഏർപ്പെടുത്തുന്ന പുതിയ സംവിധാനമാണ് ചർച്ചയാകുന്നത്. ബാങ്കുകളോട്, Person-to-Merchant യുപിഐ ഇടപാടുകളിന്മേൽ ഒരു നിശ്ചിത തുക MDR ചാർജ് ആയി മെർച്ചന്റിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഇറക്കിയ ചട്ടങ്ങളാണ് പ്രതിപാദ്യ വിഷയം. നിലവിലെ ചട്ടപ്രകാരം ₹2,000 ന് മുകളിലുള്ള Person-to-Merchant ഇടപാടുകൾക്ക് 0.4% MDR ബാധകമാകും. അതേസമയം Person-to-Person ഇടപാടുകൾ സൗജന്യമായി തുടരും, ₹2,000 വരെയുള്ള വ്യാപാരി ഇടപാടുകൾക്കും ചില ചെറിയ വ്യാപാരികളുടെ






ഇടപാടുകൾക്കും zero - MDR സംവിധാനം തുടരുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഏകദേശം 96% മെർച്ചന്റ് ഇടപാടുകൾക്കും നിലവിലെ സംവിധാനത്തിൽ MDR ബാധകമല്ലെന്നാണ് സർക്കാർ വ്യക്തമാക്കിയിരിക്കുന്നത്. ഇങ്ങനെ പിരിഞ്ഞുകിട്ടുന്ന MDR തുക, രാജ്യത്തെ ഡിജിറ്റൽ പേയ്മെന്റ് സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്താനും സുരക്ഷിതമാക്കാനും മറ്റും ചെലവാക്കും എന്നാണ് സർക്കാർ പറയുന്നത്. എങ്കിലും ചോദിക്കേണ്ട അടിസ്ഥാന ചോദ്യം മറ്റൊന്നാണ്: യുപിഐ പോലൊരു പൊതു പ്രാധാന്യമുള്ള ഡിജിറ്റൽ പേയ്മെന്റ് സംവിധാനത്തിൽ ഇത്തരമൊരു ചാർജ് ഏർപ്പെടുത്തേണ്ടതുണ്ടോ?

### യുപിഐ ഒരു സാധാരണ സ്വകാര്യ പേയ്മെന്റ് ആപ്പ് മാത്രമല്ല

യുപിഐയുടെ വളർച്ചയെ ഒരു സ്വകാര്യ സ്ഥാപനത്തിന്റെ വാണിജ്യ വിജയമായി മാത്രം കാണാൻ കഴിയില്ല. ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് അടിസ്ഥാന സൗകര്യത്തിന്റെ പ്രധാന ഘടകമായി ഇത് വളർത്തിയെടുത്തത് രാജ്യത്തെ ബാങ്കിംഗ് സംവിധാനവും NPCI-യും സർക്കാർ പിന്തുണയും ഉൾപ്പെടുന്ന വലിയൊരു പൊതുസംവിധാനമാണ്.

ഇന്ന് ഒരു ചെറിയ കടക്കാരൻ തന്റെ കടയുടെ മുന്നിൽ ഒരു QR കോഡ് വെച്ചാൽ മതി. ഉപഭോക്താവ് പണം നൽകുന്നു; ഇടപാട് ഉടൻ അക്കൗണ്ടിൽ എത്തുന്നു. ചില്ലറപ്പണം സൂക്ഷിക്കേണ്ടതില്ല. കള്ളനോട്ടിന്റെ ഭീഷണി കുറയുന്നു. ഇടപാടിന്റെ ഡിജിറ്റൽ രേഖ ലഭിക്കുന്നു. ബാങ്കിംഗ് സംവിധാനവുമായി ബന്ധപ്പെടാനുള്ള അവസരം വർധിക്കുന്നു.

ഇത് സാമ്പത്തിക ഇടപാടിന്റെ വേഗത മാത്രമല്ല വർദ്ധിപ്പിച്ചത്. സാമ്പത്തിക ഉൾപ്പെടുത്തലിനും യുപിഐ വലിയ പങ്കുവഹിച്ചു. 2025 ൽ സർക്കാർ തന്നെ ഡിജിറ്റൽ പേയ്മെന്റുകളുടെ വ്യാപനത്തിനായി ₹1,500 കോടി ചെലവഴിക്കുന്ന incentive scheme പ്രഖ്യാപിച്ചിരുന്നു. ചെറിയ വ്യാപാരികളെ ലക്ഷ്യമിട്ടായിരുന്നു ഈ പദ്ധതി.

അപ്പോൾ സ്വാഭാവികമായും ഒരു ചോദ്യം ഉയരുന്നു: ഡിജിറ്റൽ പേയ്മെന്റ് വ്യാപിപ്പിക്കുന്നതിനായി സർക്കാർ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന ഒരു സാഹചര്യത്തിൽ പിന്നീട് അത്തരം ഇടപാടുകൾക്കുമേൽ MDRപോലൊരു തുക ഈടാക്കിയെടുക്കാൻ ബാങ്കുകളോട് സർക്കാർ നിർദ്ദേശിക്കുന്നതിലെ യുക്തി എന്താണ്?

### 0.4 ശതമാനം ചെറുതായി തോന്നാം; പക്ഷേ വ്യാപാരിക്ക് അത് ചെറുതല്ല

0.4 ശതമാനം എന്ന നിരക്ക് കേൾക്കുമ്പോൾ വളരെ ചെറിയൊരു സംഖ്യയായി തോന്നാം. പക്ഷേ വ്യാപാരത്തിന്റെ യാഥാർഥ്യത്തിൽ ശതമാനത്തിന്റെ വലുപ്പം മാത്രം നോക്കിയാൽ പോരാ. ഉദാഹരണത്തിന്, ₹10,000 ന്റെ ഒരു ഇടപാടിന് 0.4 ശതമാനം എന്നത് 40 ആണ്. ₹50,000 ന്റെ ഇടപാടിൽ അത് ₹200 ആകും. ദിവസത്തിൽ നിരവധി ഇടപാടുകൾ നടത്തുന്ന ഒരു വ്യാപാരിയെ സംബന്ധിച്ചിടത്തോളം മാസാവസാനത്തിൽ ഈ തുക നിസ്സാരമല്ല.

പ്രത്യേകിച്ച് കുറഞ്ഞ ലാഭവിഹിതത്തിൽ പ്രവർത്തിക്കുന്ന വ്യാപാരികളെ സംബന്ധിച്ചിടത്തോളം ഓരോ ചെലവും പ്രധാനമാണ്. കടവാടക, വൈദ്യുതി, ജീവനക്കാരുടെ ശമ്പളം, ഗതാഗതച്ചെലവ്, GST, ബാങ്ക് ചാർജുകൾ തുടങ്ങി ഇതിനകം തന്നെ നിരവധി ചെലവുകൾ വ്യാപാരിക്ക് വഹിക്കേണ്ടിവരുന്നു. അതിന്റെ മുകളിൽ ഡിജിറ്റൽ പേയ്മെന്റിനും ഒരു ചെലവ് വന്നാൽ അതിന്റെ അന്തിമഭാരം ആരാണ് വഹിക്കുക എന്നതാണ് പ്രധാന ചോദ്യം.

നിയമപരമായി MDR വ്യാപാരിയിൽ നിന്നാണ് ഈടാക്കുന്നതെന്നും ഉപഭോക്താവിൽ നിന്ന് നേരിട്ട് ഈടാക്കുന്ന ചാർജ് അല്ലെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ ചെലവ് ഉപഭോക്താവിലേക്ക് കൈമാറരുതെന്ന് വ്യാപാരികൾക്ക് നിർദ്ദേശവും ഉണ്ട്.

എന്നാൽ സാമ്പത്തിക യാഥാർത്ഥ്യത്തിൽ ഒരു ചെലവ് വ്യാപാരിയുടെ മേൽ വന്നാൽ അതിന്റെ മുഴുവൻ ഭാരവും വ്യാപാരി തന്നെ ശാശ്വതമായി വഹിക്കും എന്നുറപ്പില്ല. വിലനിർണ്ണയത്തിലൂടെ, ലാഭവിഹിതം ക്രമീകരിച്ചുകൊണ്ട്, മറ്റ് സേവനച്ചെലവുകൾ കൂട്ടിക്കൊണ്ട്, പരോക്ഷമായി ആ ചെലവ് ഉപഭോക്താവിലേക്ക് മാറാനുള്ള സാധ്യത നിലനിൽക്കും. അതിനാൽ "ഉപഭോക്താവിൽ നിന്ന് നേരിട്ട് ചാർജ് ഈടാക്കുന്നില്ല" എന്നത് മാത്രം കൊണ്ട് പ്രശ്നം അവസാനിക്കുന്നില്ല.

### സൗജന്യമായ ഡിജിറ്റൽ ഇടപാട് എന്ന ആശയം സംരക്ഷിക്കേണ്ടതെന്തുകൊണ്ട്?

ഒരു സാധാരണ ഉപഭോക്താവിന്റെ ജീവിതത്തിൽ യുപിഐ ഇന്ന് ഒരു സൗകര്യം മാത്രമല്ല. അത് ഒരു അടിസ്ഥാന സാമ്പത്തിക ഉപകരണമായി മാറിയിരിക്കുന്നു. ഒരു വിദ്യാർത്ഥി സുഹൃത്തിന് 100 രൂപ അയക്കുന്നു. ഒരു തൊഴിലാളി വീട്ടിലേക്ക് പണം അയയ്ക്കുന്നു. ഒരു ഉപഭോക്താവ് ചെറിയ കടയിൽ നിന്ന് 50 ന്റെ സാധനം വാങ്ങുന്നു. ഒരു കുടുംബം വൈദ്യുതി ബിൽ അടയ്ക്കുന്നു. ഒരു രോഗിയുടെ ബന്ധു ആശുപത്രിയിലേക്ക് പണം കൈമാറുന്നു. ഈ ഇടപാടുകളുടെ വലിയൊരു ഭാഗം യുപിഐയിലൂടെ നടക്കുന്നു.

അതുകൊണ്ട് യുപിഐയുടെ ഭാവി നിശ്ചയിക്കുമ്പോൾ അതിനെ ഒരു സാധാരണ വാണിജ്യ സേവനമായി മാത്രം കാണാതെ പൊതുതാൽപര്യമുള്ള ഡിജിറ്റൽ അടിസ്ഥാന സൗകര്യമായി കാണേണ്ടതുണ്ട്. റോഡ് നിർമ്മിച്ചതിന് ശേഷം ഓരോ വാഹനവും കടന്നുപോകുമ്പോൾ ഓരോ മീറ്ററിനും നിരക്ക് ഈടാക്കുന്നതുപോലെ എല്ലാ ഡിജിറ്റൽ ഇടപാടുകളിലും ചെലവ് ചുമത്തുക എന്ന സമീപനം ഡിജിറ്റൽ സാമ്പത്തിക വളർച്ചയുടെ ലക്ഷ്യവുമായി പൊരുത്തപ്പെടണമെന്നില്ല. ഡിജിറ്റൽ ഇന്ത്യയുടെ ലക്ഷ്യം ജനങ്ങളെ കൂടുതൽ ഡിജിറ്റൽ ഇടപാടുകളിലേക്ക് കൊണ്ടുവരികയാണെങ്കിൽ, അതിന്റെ ഉപയോഗം കൂടുന്തോറും ഇടപാട് ചെലവ് കുറയുന്ന ഒരു മാതൃകയാണ് അഭികാമ്യം. ഉപയോഗം കൂടിയതിന്റെ പേരിൽ പുതിയ ചാർജുകൾ കണ്ടെത്തുന്ന സമീപനം ദീർഘകാലത്ത് എന്ത് സന്ദേശമാണ് നൽകുന്നത് എന്നതും പരിശോധിക്കണം.

### സർക്കാരിന്റെ ചെലവും യുപിഐയുടെ വരുമാന മാതൃകയും




ഇവിടെ മറ്റൊരു പ്രധാന വസ്തുതയും ഓർക്കേണ്ടതുണ്ട്. ഡിജിറ്റൽ പേയ്മെന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ തന്നെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2025ൽ മാത്രം കുറഞ്ഞ മൂല്യമുള്ള BHIM-UPI ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ₹1,500 കോടി ചെലവഴിക്കുന്ന പദ്ധതി അംഗീകരിച്ചിരുന്നു. ചെറിയ വ്യാപാരികൾക്ക് ഡിജിറ്റൽ പേയ്മെന്റ് സ്വീകരിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുക എന്നതായിരുന്നു അതിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്.

ഇത് തെറ്റായ നടപടിയാണെന്നല്ല പറയുന്നത്. മറിച്ച്, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ പ്രാധാന്യം സർക്കാർ തന്നെ അംഗീകരിച്ചുവെന്നതിന്റെ തെളിവാണിത്. പക്ഷേ ഇവിടെ നയപരമായ ഒരു വലിയ ചോദ്യമുണ്ട്: ഡിജിറ്റൽ പേയ്മെന്റ് വ്യാപിപ്പിക്കാൻ പൊതുപണം ചെലവഴിച്ച ശേഷം, അതേ സംവിധാനത്തിന്റെ വ്യാപകമായ ഉപയോഗത്തിൽ നിന്ന് വീണ്ടും ഇടപാട് ചെലവ് ഈടാക്കേണ്ടി വരുന്നത് എന്തുകൊണ്ട്? പേയ്മെന്റ് സംവിധാനം പരിപാലിക്കാനും സുരക്ഷ ഉറപ്പാക്കാനും സാങ്കേതിക അടിസ്ഥാനസൗകര്യം വികസിപ്പിക്കാനും ചെലവുണ്ടെന്ന വാദം സ്വാഭാവികമാണ്. എന്നാൽ ആ ചെലവ് എങ്ങനെ പങ്കിടണം എന്നതാണ് യഥാർത്ഥ നയ ചർച്ച.

അത് സാധാരണ ഉപഭോക്താവിനോ ചെറിയ വ്യാപാരിക്കോ മേൽ ചുമത്തണോ? അതോ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽ നിന്ന് നേരിട്ട് നേട്ടമുണ്ടാക്കുന്ന വലിയ സാമ്പത്തിക പങ്കാളികളിൽ നിന്ന് അതിന്റെ ചെലവ് കണ്ടെത്തണോ?

'ചാർജ്ചെറുതാണ്' എന്ന വാദത്തിനപ്പുറം ഒരു ശതമാനത്തിന്റെ ഒരു ഭാഗം മാത്രമാണ് ചാർജായി ഈടാക്കുന്നത് എന്നതു കൊണ്ട് ഒരു സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതം ചെറുതാകണമെന്നില്ല. ഇന്ന് 0.4 ശതമാനം എന്നത് ചില പ്രത്യേക merchant transactions-ൽ മാത്രമാണ് ബാധകമാകുന്നത്. ₹75,000 നും അതിലധികവുമായ ഇടപാടുകളിൽ ഓരോ ഇടപാടിനും ₹300 എന്ന cap ഉണ്ട്. റെയിൽവേ, ടെലികോം, ഇൻഷുറൻസ്, ഇന്ധനം, കാർഷിക ഇൻപുട്ടുകൾ തുടങ്ങിയ ചില മേഖലകൾക്ക് ₹5 എന്ന flat MDR നിരക്കാണ് നിശ്ചയിച്ചിരിക്കുന്നത്.

എന്നിരുന്നാലും ഒരു നയത്തിന്റെ മൂല്യനിർണ്ണയം ഇന്നത്തെ നിരക്ക് മാത്രം നോക്കി നടത്താൻ പാടില്ല. നാളെയുടെ മാതൃക എന്തായിരിക്കും എന്ന ചോദ്യവും പ്രധാനമാണ്. ഇന്ന് ചില ഇടപാടുകൾക്ക് 0.4 ശതമാനം. നാളെ കൂടുതൽ വിഭാഗങ്ങളിലേക്ക് ഇത് വ്യാപിക്കുമോ? ഇന്ന് ചെറിയ വ്യാപാരികളെ ഒഴിവാക്കുന്നു. ഭാവിയിൽ ആ പരിധികൾ മാറുമോ? ഇന്ന് ഉപഭോക്താവിൽ നിന്ന് നേരിട്ട് ചാർജ് ഈടാക്കുന്നില്ല. എന്നാൽ വ്യാപാര ചെലവ് വിലയിൽ പ്രതിഫലിക്കില്ലെന്ന് ഉറപ്പാക്കാൻ കഴിയുമോ?

ഈ ചോദ്യങ്ങൾക്ക് വ്യക്തമായതും ദീർഘകാലം നിലനിൽക്കുന്നതുമായ നയപരമായ ഉത്തരങ്ങൾ ആവശ്യമാണ്. ജനങ്ങൾക്ക് നൽകിയ സൗകര്യം ഒരു വരുമാന മാർഗമാകരുത്. യുപിഐയുടെ ഏറ്റവും വലിയ വിജയകഥ അതിന്റെ സാങ്കേതിക മികവിൽ മാത്രമല്ല. സാധാരണക്കാരൻ അതിനെ സ്വന്തമായി സ്വീകരിച്ചു എന്നതാണ് അതിന്റെ യഥാർത്ഥ വിജയം. ചെറിയ തുക മുതൽ വലിയ തുക വരെ പണം കൈമാറാൻ കഴിയുന്നു. ബാങ്കിൽ പോകേണ്ടതില്ല. കാർഡ് കൈയിൽ വേണമെന്നില്ല. POS മെഷീൻ വേണമെന്നില്ല. പണം എണ്ണേണ്ടതില്ല. ഒരു മൊബൈൽ ഫോൺ മാത്രം മതി.ഇത്തരമൊരു സംവിധാനം ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ആഴത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ, അതിന്റെ ഭാവി തീരുമാനിക്കുമ്പോൾ ഉപഭോക്താവിന്റേയും ചെറുകിട വ്യാപാരിയുടേയും താൽപര്യമാണ് പ്രധാന പരിഗണനയിൽ ഉണ്ടാകേണ്ടത്. ഡിജിറ്റൽ ഇന്ത്യയുടെ ലക്ഷ്യം 'കൂടുതൽ ആളുകളെ ഡിജിറ്റലിലേക്ക് കൊണ്ടു വരിക' എന്നതാണെങ്കിൽ, അതിനുള്ള ഏറ്റവും നല്ല മാർഗം ലളിതവും വിശ്വസനീയവും കുറഞ്ഞ ചെലവുള്ളതുമായ പേയ്മെന്റ് സംവിധാനം ഉറപ്പാക്കുക എന്നതാണ്.

ഇതിനോടൊപ്പം മറ്റൊരു വലിയ സാമ്പത്തിക യാഥാർത്ഥ്യവും ഓർക്കേണ്ടതാണ്. രാജ്യത്ത് വിവിധ മേഖലകളിൽ

പൊതുപണം ഉപയോഗിച്ചുള്ള സബ്സിഡികളും, ഇളവുകളും, ക്ഷേമപദ്ധതികളും, പ്രോത്സാഹനങ്ങളും നൽകുന്നുണ്ട്. ജനങ്ങൾക്ക് നൽകുന്ന പല സൗജന്യങ്ങളുടെയും സാമ്പത്തിക ഭാരം ഒടുവിൽ നികുതിദായകരിലേക്കാണ് എത്തുന്നത്. അത്തരമൊരു സാഹചര്യത്തിൽ, രാജ്യത്തിന്റെ ഡിജിറ്റൽ അടിസ്ഥാന സൗകര്യമായി വളർന്ന ഒരു സംവിധാനത്തിന്റെ ഉപയോഗച്ചെലവ് വീണ്ടും സാധാരണ സാമ്പത്തിക പ്രവർത്തനത്തിലേക്ക് കൊണ്ടുവരുന്നത് വളരെ സൂക്ഷ്മമായി പരിഗണിക്കേണ്ട വിഷയമാണ്.

### യുപിഐയുടെ അടുത്ത ഘട്ടം എന്തായിരിക്കണം?

യുപിഐയെ കൂടുതൽ ശക്തമാക്കേണ്ട സമയമാണിത്. കൂടുതൽ ചെലവേറിയതാക്കേണ്ട സമയമല്ല. സൈബർ സുരക്ഷ വർധിപ്പിക്കണം. ബാങ്കിംഗ് സംവിധാനങ്ങളുടെ സാങ്കേതിക ശേഷി മെച്ചപ്പെടുത്തണം. ഇടപാടുകൾ പരാജയപ്പെടുന്ന പ്രശ്നങ്ങൾ കുറയ്ക്കണം. ഗ്രാമപ്രദേശങ്ങളിലേക്കും ചെറുകിട വ്യാപാരികളിലേക്കും ഡിജിറ്റൽ പേയ്മെന്റ്കൂടുതൽ വ്യാപിപ്പിക്കണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പോലും ഡിജിറ്റൽ ഇടപാടുകൾ എളുപ്പമാക്കണം.

അതിന് ആവശ്യമായ ചെലവ് ആരാണ് വഹിക്കേണ്ടത് എന്നത് തീർച്ചയായും ചർച്ച ചെയ്യേണ്ട വിഷയമാണ്. എന്നാൽ അതിന്റെ ഏറ്റവും എളുപ്പമുള്ള വഴി സാധാരണക്കാരന്റെ ഡിജിറ്റൽ ഇടപാടിൽ ചെലവ് സൃഷ്ടിക്കുക എന്നതാകരുത്. യുപിഐയുടെ വിജയം അതിന്റെ വേഗതയിലും സാങ്കേതികവിദ്യയിലും മാത്രം അല്ല; "ചെറിയ തുകയ്ക്കും വലിയ തുകയ്ക്കും ഒരേ ലാളിത്യം" എന്ന ആശയത്തിലാണ്.

അത് സംരക്ഷിക്കേണ്ടത് സാമ്പത്തിക നയത്തിന്റെ മാത്രം കാര്യമല്ല. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലേക്കുള്ള ജനങ്ങളുടെ വിശ്വാസം സംരക്ഷിക്കേണ്ട വിഷയവുമാണ്. ഒരു ചായക്കടയിലെ ₹20ന്റെ ഇടപാടിൽ നിന്ന് കോടികളുടെ വ്യാപാര ഇടപാടുകളിലേക്ക് ഒരേ ഡിജിറ്റൽ അടിസ്ഥാനസൗകര്യം ഉപയോഗിക്കാൻ കഴിയുന്നു എന്നതാണ് യുപിഐയുടെ അസാധാരണമായ നേട്ടം. അത് ഇന്ത്യയുടെ സാങ്കേതിക വളർച്ചയുടെ പ്രതീകമായി മാറിയിരിക്കുന്നു.

അതിനാൽ യുപിഐയെക്കുറിച്ചുള്ള ചർച്ച "0.4 ശതമാനം ചാർജേകണമോ വേണ്ടയോ?" എന്ന ഒറ്റ ചോദ്യത്തിൽ ഒതുങ്ങരുത്. അതിനപ്പുറം, ഇന്ത്യ എങ്ങനെയുള്ള ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയാണ് നിർമ്മിക്കാൻ ആഗ്രഹിക്കുന്നത് എന്നതാണ് ചോദിക്കേണ്ടത്. സാധാരണക്കാരനെ കൂടുതൽ ഡിജിറ്റൽ ഇടപാടുകളിലേക്ക് ആകർഷിക്കുന്ന, ചെറുകിട വ്യാപാരിയെ സഹായിക്കുന്ന, പണ രഹിത സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന, കുറഞ്ഞ ചെലവിലുള്ള ഒരു പൊതുസൗകര്യമായാണോ യുപിഐ മുന്നോട്ട് പോകേണ്ടത്? അതോ വളരുന്ന ഓരോ ഡിജിറ്റൽ ഇടപാടിനെയും ഒരു വരുമാന സ്രോതസ്സായി കാണുന്ന സംവിധാനമായാണോ?

യുപിഐയുടെ അടിസ്ഥാന ആശയം തന്നെ ലാളിത്യം, വേഗത, ലഭ്യത, കുറഞ്ഞ ചെലവ് എന്നിവയിൽ ഊന്നിയാണ്.അതിനാൽ അതിന്റെ ഭാവിയും ഈ നാല് തൂണുകളെ അടിസ്ഥാനമാക്കിയാവണം.

ജനങ്ങളെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലേക്ക് കൊണ്ടുവന്ന ഒരു സംവിധാനത്തിൽ നിന്ന് സർക്കാരിന് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ നേട്ടം അതിൽ നിന്ന് പരമാവധി വരുമാനം നേടുന്നതല്ല; മറിച്ച് അത് ഉപയോഗിക്കുന്ന കോടിക്കണക്കിന് സാധാരണക്കാർക്ക് കൂടുതൽ സൗകര്യവും കുറഞ്ഞ ചെലവും ഉറപ്പാക്കുന്നതാണ്.

യുപിഐ ഇന്ത്യയുടെ ഡിജിറ്റൽ വിപ്ലവത്തിന്റെ വിജയഗാഥയാണ്. ആ വിജയത്തിന്റെ അടുത്ത അധ്യായം 'ചാർജുള്ള ഡിജിറ്റൽ ഇന്ത്യ' എന്നതല്ല, മറിച്ച് 'കൂടുതൽ ഇടപാടുകളെ ഉൾക്കൊള്ളുന്നതും കൂടുതൽ കാര്യക്ഷമവും കൂടുതൽ ജനകീയവുമായ ഡിജിറ്റൽ ഇന്ത്യ' എന്നതായിരിക്കണം

### UPI MDR 0.4% ഇത് GST, Income Tax, Cashless ഇന്ത്യയെ എങ്ങനെ ബാധിക്കും?




UPI പേയ്മെന്റുകൾക്ക് 0.4% MDR ചുമത്തുമ്പോൾ അത് GST-യെയും Income Tax-നെയും ഒരു പോലെ ബാധിക്കും. എല്ലാ ഇടപാടുകളും 'Cashless' ആയി ബാങ്കിലൂടെ ആയിക്കൊണ്ടിരിക്കുന്ന ഈ സമയത്ത്, 0.4% എന്നത് പലപ്പോഴും ലാഭത്തിനേക്കാളും വലിയ തുകയാണ്. തനിക്ക് കിട്ടുന്ന ലാഭത്തേക്കാളും വലിയ തുക കൂടി MDR ആയി അടക്കേണ്ടിവരുമ്പോൾ, ബിസിനസ്സുകാർ Cashless മാറി മറ്റു Parallel പ്ലാറ്റ്ഫോമുകളിലേക്ക് പോകാൻ ഇടയുണ്ട്.

അങ്ങനെ വരുമ്പോൾ 'Without Sales' കച്ചവടം മലപ്പുറം പോലെ വർദ്ധിക്കും. നികുതി വരുമാനം നല്ല രീതിയിൽ കുറയും. ഇത്തരം ദൂരവ്യാപകമായ കാര്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടാകണം യുപിഐ ഇടപാടുകൾക്കുമേൽ ചാർജ് ഈടാക്കുക എന്നതുപോലുള്ള സാമ്പത്തിക നയ തീരുമാനങ്ങൾ നടപ്പിൽ വരുത്തേണ്ടത്.■

**അസോസിയേഷൻ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
✆ 98462 27555, 79024 43188, 79070 00401



KERA
Kerala Climate Resilient
Agri-Value Chain Modernization

# കാർഷിക മൂല്യവർദ്ധിത സംരംഭങ്ങൾക്ക് ഒന്നരക്കോടി രൂപ വരെ ഗ്രാൻഡ് നല്കാൻ പുതിയ പദ്ധതി



ടി.എസ്. ചന്ദ്രൻ

കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനയും സംരംഭ സംസ്കരണശേഷിയും വർദ്ധിപ്പിക്കാനായി ഒരു സംരംഭത്തിന് ഒന്നരക്കോടി രൂപ വരെ ഗ്രാൻഡ് അനുവദിക്കുന്ന പുതിയ ഒരു പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ് സർക്കാർ. സംരംഭങ്ങളുടെ വിവിധ ആവശ്യങ്ങൾക്കനുസരിച്ച് വിവിധ വിഭാഗങ്ങളിലായാണ് ധനസഹായം പ്രഖ്യാപിച്ചിരിക്കുന്നത്. സംഭരണശാലകൾ, പ്രാഥമിക സംസ്കരണ യൂണിറ്റുകൾ, സോളാർ പാനലുകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തുടങ്ങിയ ഹരിതനിക്ഷേപങ്ങൾക്ക് പദ്ധതി ചിലവിന്റെ എൺപത് ശതമാനം വരെ ഗ്രാൻഡ് ലഭിക്കുന്നു കൂടാതെ ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള സർട്ടിഫിക്കേഷനുകൾ, ബ്രാൻഡിംഗ്, ഭാവി വികസനം എന്നിവയ്ക്കും ധനസഹായം അനുവദിക്കും. പരിശീലന പരിപാടികൾക്കും ധനസഹായം ഉണ്ട്. സേവന രംഗത്ത് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പുറമേ യന്ത്ര സാമഗ്രികളിൽ 50 ലക്ഷം രൂപയിൽ അധികം നിക്ഷേപമുള്ള സൂക്ഷ്മ ചെറുകിട വ്യവസായ യൂണിറ്റുകൾക്കും ഈ പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്. അതിന്റെ വിശദാംശങ്ങൾ പരിശോധിക്കാം.

## എന്താണ് കേര പദ്ധതി ?

കേരള സർക്കാർ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതിയാണ് കേര. (KERA - Kerala Climate Resilient Agri Value Chain Modernization) ഇത് ലോക ബാങ്കിന്റെ ധനസഹായത്തോടെയുള്ള 2,365 കോടി രൂപയുടെ വലിയ പദ്ധതിയാണ്.

## പ്രധാന ലക്ഷ്യങ്ങൾ:

- കർഷകരെ സഹായിക്കുക ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളെ ശക്തിപ്പെടുത്തുക.
- കാർഷിക മേഖലയിലെ **എം.എസ്.എം.ഇ.** കളെ സഹായിക്കുക.
- കാർഷിക ഭക്ഷ്യ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക.
- കാർഷിക ഉത്പ്പാദനം വർദ്ധിപ്പിക്കുക. കർഷകരുടെ ഉത്പ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുക.
- സംരംഭകത്വം വളർത്തുക.
- ആധുനിക സാങ്കേതിക വിദ്യയും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
- കാലാവസ്ഥ വ്യതിയാനത്തെ നേരിടാൻ കഴിയുന്ന കാർഷിക സംവിധാനം സൃഷ്ടിക്കുക.
- ചെറുകിട വ്യവസായങ്ങൾക്കുള്ള ഗ്രാൻഡ് പദ്ധതി.

കേര പദ്ധതിയുടെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച പ്രത്യേക പദ്ധതിയാണ്. ''കേരളത്തിലെ കാർഷിക ഭക്ഷ്യ സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കൽ പദ്ധതി'' ഈ ഘടക പദ്ധതിയ്ക്ക് 280 കോടി വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ലക്ഷ്യം കേരളത്തിലെ ഉയർന്ന വളർച്ചാ സാധ്യതയുള്ള കാർഷിക ഭക്ഷ്യ മേഖലയിൽ നിലനിൽക്കുന്ന സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ വികസിപ്പിക്കുകയും ആധുനിക വൽക്കരിക്കുകയും ചെയ്യുക എന്നതാണ്. പദ്ധതി നടപ്പാക്കുന്നത് വ്യവസായ വാണിജ്യ വകുപ്പ് ആണ്.

## എം.എസ്.എം.ഇ. കൾക്ക് പ്രധാനമായും ലഭിക്കുന്ന സഹായങ്ങൾ :-

- സാമ്പത്തിക സഹായം (ഗ്രാന്റ്).
- സാങ്കേതിക ഉപദേശ സഹായം.
- ആധുനികവൽക്കരണ സഹായം.
- വിപണി വികസന സഹായം.
- കയറ്റുമതി സഹായം.
- സർട്ടിഫിക്കേഷൻ സഹായം.
- അടിസ്ഥാന സൗകര്യ സാങ്കേതിക സഹായം.

## സംരംഭകർ ചെയ്യേണ്ടത്

- ഇതിൽ പറയുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റണം എന്ന് ആഗ്രഹിക്കുന്ന സൂക്ഷമ ചെറുകിട സംരംഭങ്ങൾ അവർ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കണം.
- വ്യവസായ വാണിജ്യ വകുപ്പിന്റെ ഓഫീസുകൾ വഴി പ്രോജക്ട് ഇംപ്ലിമെന്റ് യൂണിറ്റിന് സമർപ്പിക്കണം.
- ആയതിന് അംഗീകാരം ലഭിച്ചശേഷം എം.എസ്.എം.ഇ. കൾ വ്യവസായ വാണിജ്യ വകുപ്പുമായി ഔപചാരിക കരാറിൽ ഏർപ്പെടണം.

- എം.എസ്.എം.ഇ. കൾ പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ആവശ്യമായ വിവരങ്ങൾ നൽകണം.
- കേര തീരുമാനിക്കുന്ന കാലയളവിൽ ഗ്രാന്റ് ലഭിച്ച ശേഷവും ആവശ്യമായ മോണിറ്ററിംഗിന് സഹകരിക്കണം.
- പദ്ധതി നടപ്പാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറെ കൂടാതെ ഒരു സ്റ്റേറ്റ് പ്രോജക്ട് നിർവഹണ യൂണിറ്റ് കൂടി രൂപീകരിച്ചിട്ടുണ്ട്. (SPMU) ഇതിന്റെ പ്രധാന ചുമതലകൾ പദ്ധതി നടപ്പാക്കൽ ഏകോപിപ്പിക്കുക, മേൽനോട്ടം വഹിക്കുക, ഗ്രാൻഡ് അനുവദിക്കുന്നതിൽ സഹായിക്കുക. പദ്ധതിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുക. കൂടാതെ ഒരു ടെക്നിക്കൽ സപ്പോർട്ട് (TSA)എന്ന സാങ്കേതിക സഹായ ഏജൻസിയെയും നിയോഗിക്കും. സാങ്കേതികമായ രൂപരേഖകൾ, തയ്യാറാക്കുക, ബിസിനസ്സ് പ്ലാൻ/ **ഡി.പി.ആർ.** തയ്യാറാക്കുന്നതിൽ പ്രോജക്ട് ഇംപ്ലിമെന്റേഷനിൽ എം.എസ്.എം.ഇ. കളെ സഹായിക്കുക എന്നിവയാണ് സാങ്കേതിക സമിതിയുടെ പ്രവർത്തനങ്ങൾ.

3 റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് ഓഫീസുകൾ കേരയുടെ കീഴിൽ ഉണ്ട്. ഇവ കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിലാണ്.

SPMU തെക്കൻ ജില്ലകളായ: തിരുവനന്തപുരം, കൊല്ലം, എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ നേരിട്ട് കൈകാര്യം ചെയ്യും.

## ഗ്രാൻഡ് ആനുകൂല്യങ്ങൾ

ഇനി പറയുന്ന ഓരോ പ്രവർത്തനത്തിനും സംരംഭങ്ങൾക്ക് ഗ്രാൻഡ് ലഭിക്കും.

### 1. അടിസ്ഥാന സൗകര്യ വികസനം - ഹരിത സാങ്കേതികവിദ്യ ഉപയോഗിക്കൽ

- എനർജി ആഡിറ്റ് ശുപാർശകൾ നടപ്പാക്കൽ 80 ശതമാനം ഗ്രാന്റ് - ₹15 ലക്ഷം വരെ.
- പുനരുപയോഗ ഊർജ്ജം ഉപയോഗിച്ച് ഊർജ്ജത്തിന്റെ ഉൽപാദനം നടത്തുന്നതിന് 80 ശതമാനം ഗ്രാന്റ് - പരമാവധി ₹30 ലക്ഷം വരെ.
- മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 80 ശതമാനം ഗ്രാന്റ് - പരമാവധി ₹15 ലക്ഷം വരെ.

### 2. ബാക്ക് വേഡ് ലിങ്കേജ്

കർഷകരിൽ നിന്നോ കളക്ഷൻ കേന്ദ്രങ്ങളിൽ നിന്നോ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും ഫീൽഡ് തലത്തിൽ സൂക്ഷിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ഉപകരണങ്ങൾക്ക് 80 ശതമാനം ഗ്രാന്റ് - പരമാവധി ₹5 ലക്ഷം വരെ.

### 3. വിപണി വികസനം

ഉൽപ്പന്നങ്ങൾ ദേശീയ/അന്താരാഷ്ട്ര മേളകളിൽ പ്രദർശിപ്പിച്ച് വിപണി വികസിപ്പിക്കുന്നതിനുള്ള സഹായം. 80 ശതമാനം ഗ്രാന്റ് - പരമാവധി ₹30 ലക്ഷം വരെ 3 വർഷത്തേക്ക്. ട്രയൽ ഷിപ്പ്മെന്റിനും പുതിയ കയറ്റുമതി വിപണിക്കും 80 ശതമാനം ഗ്രാന്റ് - പരമാവധി - ₹10 ലക്ഷം വരെ.

### 4. സർട്ടിഫിക്കേഷനുകൾ

കയറ്റുമതിയിലെ കാര്യക്ഷമത, മെച്ചപ്പെട്ട സംസ്കരണ സംവിധാനങ്ങൾ എന്നിവയ്ക്ക് ദേശീയവും അന്തർദേശീയവുമായ സർട്ടിഫിക്കറ്റുകൾ നേടുന്നതിന് 80 ശതമാനം ഗ്രാന്റ് -പരമാവധി - ₹5 ലക്ഷം വരെ.

### 5. പരിശീലനം

പുതിയ സാങ്കേതിക വിദ്യകൾക്കും പുതിയ ഉത്പന്ന വികസനത്തിനും കയറ്റുമതിക്കും വേണ്ടിയുള്ള പ്രത്യേക പരിശീലന പദ്ധതിക്കുള്ള സഹായം 60 ശതമാനം ഗ്രാന്റ് -പരമാവധി ₹5 ലക്ഷം വരെ. ഇതിന് മുൻകൂർ അനുമതി ആവശ്യമാണ്.

### 6. അടിസ്ഥാന സൗകര്യ വികസനം

സ്ഥാപനത്തിൽ വികസനം, ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം ഇവയ്ക്ക് ആവശ്യമായി വരുന്ന മൂലധന നിക്ഷേപത്തിന് 40 ശതമാനം ഗ്രാന്റ് - പരമാവധി - ₹150 ലക്ഷം വരെ.

- ഒരു സൂക്ഷ്മ സംരംഭത്തിന് പരമാവധി മൊത്തം സഹായം ₹1.50 കോടി വരെ.

### അർഹത

- നിർമ്മാണ / സേവന സൂക്ഷ്മ സംരംഭങ്ങൾ ആയിരിക്കണം. കാർഷിക ഭക്ഷ്യ സംരംഭങ്ങളുമായി ബന്ധപ്പെട്ടതാവണം.
- കേരളത്തിൽ പ്രവർത്തിക്കുന്ന MSME ആയിരിക്കണം. ഇതിന് ഉദ്യം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
- അപേക്ഷിക്കുന്ന സമയത്ത് സ്ഥാപനം കുറഞ്ഞത് മൂന്ന് വർഷമായി പ്രവർത്തിക്കുന്നതായിരിക്കണം.
- ജി.എസ്.ടി., ഐ.ടി. റിട്ടേൺ, കണക്ക് ബുക്കുകൾ എന്നിവ കൃത്യമായിരിക്കണം.
- ₹50 ലക്ഷം അല്ലെങ്കിൽ അതിൽ കൂടുതലുള്ള നിക്ഷേപം പ്ലാന്റിലും മെഷിനറിയിലും ഉണ്ടായിരിക്കണം.

നിലവിൽ കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയമുള്ള, ഉദ്യം രജിസ്ട്രേഷൻ ഉള്ള, കാർഷിക ഭക്ഷണ സംസ്കരണ സംരംഭങ്ങൾക്കാണ് പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയുക.

ഇന്ത്യയിലെ കാർഷിക'ഭക്ഷ്യ സംസ്കരണ മേഖല അതിവേഗം വളരുന്ന മേഖലയാണ്. ആഭ്യന്തര ഉൽപാദന വളർച്ചയ്ക്കും ഗ്രാമീണ തൊഴിൽ അവസരങ്ങൾക്കും ഇത് വലിയ സംഭാവന നൽകുന്നു. കേരളത്തിന് അരി, സുഗന്ധവ്യഞ്ജനങ്ങൾ, വാഴപ്പഴം, ചക്ക, കശുവണ്ടി, കാപ്പി, തേങ്ങ തുടങ്ങിയ കാർഷിക വിളകളിൽ ശക്തമായ അടിസ്ഥാനവും കയറ്റുമതി സാധ്യതകളും ഉണ്ട്. കൂടാതെ കേരളത്തിലെ ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലയും, വിദേശ വിപണികളും പ്രത്യേകിച്ച് മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഈ മേഖലയ്ക്ക് വലിയ സാധ്യത തുറന്നു നൽകുന്നു. അതുകൊണ്ടു തന്നെ ഇത്തരം പദ്ധതികൾ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മികച്ച ആഭ്യന്തര ഉൽപാദനം നേടിയെടുക്കുന്നതിനും വലിയ തോതിൽ ഉപകരിക്കും. ■

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**
**chandranteeyes@gmail.com**





# സംരംഭകത്വത്തിന് അംഗീകാരത്തിന്റെ രുചി

## ദേശീയ അംഗീകാര നിറവിൽ പിഎംഎഫ്എംഇ കേരളം

പരിമിതമായ മൂലധനത്തിൽ, ഏതാനും ഉപകരണങ്ങൾ കൊണ്ട്, പ്രാദേശികമായി ലഭിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളെ ആശ്രയിച്ചാകാം ഒരു ചെറുകിട ഭക്ഷ്യസം സ്കരണ സംരംഭത്തിന്റെ തുടക്കം. ശരിയായ സാമ്പത്തിക സഹായവും സാങ്കേതിക മാർഗനിർദേശവും വിപണന പിന്തുണയും ലഭിക്കുമ്പോൾ അടുക്കളകളിൽ രൂപം കൊള്ളു ന്ന ചെറു സംരംഭങ്ങൾക്ക് കൂടുതൽ ക്രമബദ്ധമായ ബിസിനസ് വളർച്ച നേടാനാകും.

പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭ രൂപവത്കരണ പദ്ധതി (പിഎംഎഫ്എംഇ) നടപ്പാക്കുന്നതിൽ കേരളം കൈവരിച്ച നേട്ടം ഈ സാധ്യതകളുടെ പ്രതിഫലനമാണ്.

കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പിഎംഎഫ്എംഇ പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാര നിറവിലാണ് കേരളം. ഓഗസ്റ്റ് 29ന് ന്യൂഡൽഹിയിലെ ഇന്ത്യ ഹാബിറ്റാറ്റ് സെന്ററിൽ നടന്ന പിഎംഎഫ്എംഇ ഉച്ചകോടിയിൽ കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രി ശ്രീ. ചിരാഗ് പാസ്വാനിൽനിന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. മിൻഹാജ് ആലം ഐ.എ.എസ്., കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ (കെബിപ്പ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്. എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.



**സൂരജ് എസ്.**




ഡിപിആർ പിന്തുണ, സാമ്പത്തിക സഹായം, നൈപുണ്യ വികസനം, വിപണന പിന്തുണ എന്നിവ ഉൾപ്പെടെ മൈക്രോ ഭക്ഷ്യസം സ്കരണ മേഖലയിലെ സംരംഭ കർക്ക് നൽകിയ സമഗ്രമായ പിന്തുണയാണ് കേരളത്തിന് ഈ അംഗീകാരം നേടിക്കൊടുത്തത്. പദ്ധതിപ്രകാരം 10,000 സം രംഭങ്ങൾക്ക് സഹായം എന്ന കേന്ദ്രസർക്കാർ ലക്ഷ്യത്തെ നിശ്ചിത സമയത്തിനുള്ളിൽ മറികടന്ന കേരളത്തിന് വ്യവസായ വകുപ്പിന്റെയും കെബിപ്പിന്റെയും ഏകോപനത്തിൽ 10,175 ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് പിന്തുണ നൽകാൻ സാധിച്ചു. 7529 ഗുണഭോക്താക്കൾക്ക് 195.04 കോടി രൂപയുടെ ഗ്രാന്റ്-ഇൻ-എയ്ഡ് സബ്സിഡി ലഭ്യമാക്കാനും കേരളത്തിന് സാധിച്ചു.










സ്വയംസഹായ സംഘങ്ങളിലെ അംഗങ്ങൾക്കും പദ്ധതിയുടെ ഭാഗമായി പിന്തുണ ലഭിക്കുന്നുണ്ട്.സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യത്തിന് (എസ്ആർഎൽഎം) കീഴിൽ 6,297 അംഗങ്ങൾക്ക് 19.60 കോടി രൂപയും നഗര ഉപജീവന ദൗത്യത്തിലൂടെ (എസ്‌യുഎൽഎം) 1,060 അംഗങ്ങൾക്ക് 3.90 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ജില്ലകളിലുമായി 7357 കുടുംബശ്രീ അംഗങ്ങൾക്ക് ആകെ 23.50 കോടി രൂപ ഇതിനകം വിതരണം ചെയ്തു കഴിഞ്ഞു. പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള ആവശ്യങ്ങൾ നിറവേറ്റാൻ സീഡ് ക്യാപിറ്റൽ സഹായം ഉപയോഗപ്പെടുത്താനാകും. 2022-23 സാമ്പത്തിക വർഷത്തിൽ എസ്‌യുഎൽഎം അംഗങ്ങൾക്ക് സീഡ് ക്യാപിറ്റൽ ലഭ്യമാക്കിയതിൽ കേരളം ഒന്നാം സ്ഥാനത്തായിരുന്നു.

പിഎംഎഫ്എംഇ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ വെള്ളാനിക്കരയിലെ കേരള കാർഷിക സർവകലാശാലയുടെ അഗ്രിബിസിനസ് ഇൻക്യുബേറ്ററിൽ അരി, പഴങ്ങൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ സംസ്കരണത്തിനായി കോമൺ ഇൻക്യുബേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

2.75 കോടി രൂപ ചെലവിലാണ് ഈ കേന്ദ്രം സ്ഥാപിച്ചത്.

ചെറുകിട സംരംഭങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന, കേന്ദ്രഭരണ പ്രദേശ സർക്കാരുകളുമായി സഹകരിച്ച് 2020 ജൂണിലാണ് പിഎംഎഫ്എംഇ പദ്ധതി രാജ്യവ്യാപകമായി കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയം ആരംഭിച്ചത്. നിലവിലുള്ള മൈക്രോ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ നവീകരണത്തിനായി വിവിധ തലത്തിലുള്ള പിന്തുണ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിലാണ് പങ്കിടുന്നത്. കേരളത്തിൽ വ്യവസായ, വാണിജ്യ വകുപ്പാണ് നോഡൽ വകുപ്പ്. കെബിപ്പ് നോഡൽ ഏജൻസിയായും പ്രവർത്തിക്കുന്നു.

സാമ്പത്തിക സഹായത്തിൽ ഒതുങ്ങാതെ, നൈപുണ്യ പരിശീലനം നൽകുന്നതിലും ഭക്ഷ്യസുരക്ഷാ, ശുചിത്വ, ഗുണനിലവാര പരിശോധനകൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിലുമൂന്നിയാണ് പദ്ധതി നടപ്പാക്കുന്നത്.ഒരു സംരംഭം വികസിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പലപ്പോഴും ചെറുകിട സംരംഭകർക്ക് ബുദ്ധിമുട്ടാകാം. ഇതിന് പരിഹാരമായി വിശദമായ പദ്ധതി റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കുന്നതിനും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും പദ്ധതി കൈത്താങ്ങ് നൽകുന്നു.

പദ്ധതിയുടെ ആരംഭത്തോടെ സംസ്ഥാനത്തുടനീളം ഭക്ഷ്യ സംസ്കരണ സംരംഭങ്ങളെ ആധുനികവത്കരിക്കുവാനും വികസിപ്പിക്കുവാനും കേരളത്തിന് സാധിച്ചു. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷവും കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം നിശ്ചയിക്കുന്ന ലക്ഷ്യം മറികടക്കുവാൻ കേരളത്തിന് സാധിച്ചു. പദ്ധതിക്ക് കീഴിലെ മികച്ച പ്രകടനം നടത്തുന്ന സംസ്ഥാനങ്ങൾക്കിടയിൽ തുടർച്ചയായി കേരളം സ്ഥാനം കണ്ടെത്തി.

പിഎംഎഫ്എംഇ പദ്ധതിയുടെ നടത്തിപ്പിലെ കേരളത്തിന്റെ നേട്ടം സർക്കാർ പിന്തുണയും പ്രാദേശിക സംരംഭകത്വവും ഒന്നിച്ചുചേരുമ്പോൾ രൂപപ്പെടുന്ന സാധ്യതകളാണ് വെളിവാക്കുന്നത്. ഈ ദേശീയ പുരസ്കാരം ഒരു പദ്ധതിയുടെ വിജയത്തിനുള്ള അംഗീകാരം മാത്രമല്ല, ഒരു ഭക്ഷ്യ ഉത്പന്നം അടുക്കളയും കടന്ന് ദേശീയ, അന്തർദേശീയ വിപണികൾ കീഴടക്കുക എന്ന ആശയത്തിന്റെ സാക്ഷാത്കാരം കൂടിയാണ്.

ദേശീയ അംഗീകാരം ലഭിച്ച പിഎംഎഫ്എംഇ ടീമിനെ വ്യവസായ, വാണിജ്യ, ഐ.ടി. & എ.ഐ. വകുപ്പ് മന്ത്രി ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി അഭിനന്ദിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം.മുഹമ്മദ് ഹനീഷ് ഐഎഎസ്, വ്യവസായ, വാണിജ്യ ഡയറക്ടർ ശ്രീ.അരുൺ കെ.വിജയൻ ഐഎഎസ്, കെബിപ്പ് സിഇഒ ശ്രീ.സൂരജ് എസ്. എന്നിവരെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**



REIMAGINING KERALAM
Ideas. Projects. Action.

# 'റീഇമാജിനിങ് കേരളം' ഭാവിയെ രൂപപ്പെടുത്തുമ്പോൾ



സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രധാന വികസന പദ്ധതികൾ വേഗത്തിൽ നടപ്പാക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമുള്ള നിർണ്ണായക തീരുമാനങ്ങളോടെ ത്രിദിന 'റീഇമാജിനിങ് കേരളം' സമ്മേളനം സമാപിച്ചു. 2026-27 ബജറ്റിലെ 35 പ്രധാന പദ്ധതികളുടെ നടത്തിപ്പിന് കൃത്യമായ രൂപരേഖ തയ്യാറാക്കാനാണ് സമ്മേളനം സംഘടിപ്പിച്ചത്. ഇതിന്റെ തുടർച്ചയായുള്ള നടപടികൾ വരും ദിവസങ്ങളിൽ ആരംഭിക്കും. സമാപന സമ്മേളനം ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിന്റെ വികസനയാത്ര ഇന്ത്യയിലെ തന്നെ ശ്രദ്ധേയമായ അനുഭവങ്ങളിലൊന്നാണ്. ഉയർന്ന സാക്ഷരത, മികച്ച ആരോഗ്യസംവിധാനം, സാമൂഹിക പുരോഗതി, പ്രവാസി സമൂഹത്തിന്റെ ശക്തമായ സാന്നിധ്യം, വിദ്യാഭ്യാസം നേടിയ മനുഷ്യവിഭവശേഷി എന്നിവ കേരളത്തിന്റെ പ്രധാന ശക്തികളാണ്. എന്നാൽ ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കഴിഞ്ഞകാല നേട്ടങ്ങളിൽ മാത്രം ആശ്രയിച്ച് മുന്നോട്ട് പോകാനാകില്ല. ശാസ്ത്രസാങ്കേതിക രംഗത്തെ അതിവേഗ മാറ്റങ്ങൾ, കൃത്രിമബുദ്ധിയുടെ വളർച്ച, കാലാവസ്ഥാ വ്യതിയാനം, പുതിയ തൊഴിൽരീതികൾ, മാറുന്ന ആഗോള സാമ്പത്തിക സാഹചര്യങ്ങൾ, നിക്ഷേപത്തിനായുള്ള രാജ്യങ്ങളും സംസ്ഥാനങ്ങളും തമ്മിലുള്ള മത്സരം എന്നിവ കേരളത്തിന് മുന്നിൽ പുതിയ സാധ്യതകളും വെല്ലുവിളികളും ഉയർത്തുന്നു. അതിനാൽ കേരളത്തിന്റെ ഭാവിയെ പുതിയ കാഴ്ചപ്പാടോടെ പുനർസങ്കൽപ്പിക്കേണ്ട സമയമാണിത്.



കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അതിന്റെ മനുഷ്യവിഭവശേഷിയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന മലയാളികളും കേരളത്തിലെ വിദ്യാഭ്യാസം നേടിയ യുവജനങ്ങളും വലിയൊരു അറിവുസമ്പത്താണ്. ഈ മനുഷ്യശേഷിയെ പരമ്പരാഗത തൊഴിൽ മേഖലകളിൽ മാത്രം പരിമിതപ്പെടുത്താതെ ഗവേഷണം, ശാസ്ത്രസാങ്കേതികവിദ്യ, കൃത്രിമബുദ്ധി, ജൈവസാങ്കേതികവിദ്യ, ബഹിരാകാശ സാങ്കേതികവിദ്യ, ധനകാര്യ സാങ്കേതികവിദ്യ, രൂപകൽപ്പന, സൃഷ്ടിപരമായ മേഖലകൾ തുടങ്ങിയ പുതിയ മേഖലകളിലേക്ക് നയിക്കേണ്ടതുണ്ട്. കേരളത്തിലെ യുവാക്കൾ തൊഴിൽ തേടുന്നവരായി മാത്രം നിലകൊള്ളാതെ പുതിയ ആശയങ്ങൾ സൃഷ്ടിക്കുകയും സംരംഭങ്ങൾ ആരംഭിക്കുകയും ലോകവിപണിയിലേക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും എത്തിക്കുകയും ചെയ്യുന്നവരായി വളരാനുള്ള സാഹചര്യം സൃഷ്ടിക്കണം.

വ്യവസായ വികസനത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിലും മാറ്റം ആവശ്യമാണ്. വ്യവസായം വലിയ ഫാക്ടറികളിൽ മാത്രം ഒതുങ്ങുന്നതല്ല. ചെറുകിട-ഇടത്തരം സംരംഭങ്ങൾ, നവസംരംഭങ്ങൾ, സാങ്കേതികവിദ്യാധിഷ്ഠിത സ്ഥാപനങ്ങൾ, മൂല്യവർധിത ഉൽപ്പാദനം, ആരോഗ്യ സേവനങ്ങൾ, വിനോദസഞ്ചാരം, കാർഷികാധിഷ്ഠിത സംരംഭങ്ങൾ, സൃഷ്ടിപരമായ മേഖലകൾ എന്നിവയും കേരളത്തിന്റെ പുതിയ സാമ്പത്തിക വളർച്ചയുടെ പ്രധാന ഭാഗങ്ങളാകണം. സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കുകയും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയും നിക്ഷേപകർക്ക് സുതാര്യവും വേഗത്തിലുള്ളതുമായ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.



ഇത്തരമൊരു വ്യവസായാധിഷ്ഠിത വളർച്ചയ്ക്ക് പ്രാദേശിക സാമ്പത്തിക മേഖലകളെ ഏകോപിപ്പിച്ചുള്ള വികസന മാതൃകയും ആവശ്യമാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ ഏകോപിപ്പിച്ച് തെക്കൻ കേരള സാമ്പത്തിക ഇടനാഴി രൂപപ്പെടുത്താനുള്ള ആശയം ശ്രദ്ധേയമാണ്. ബഹിരാകാശ സാങ്കേതികവിദ്യ, നിർണായക ധാതുക്കൾ, സമുദ്രഗതാഗതം, സമുദ്രാധിഷ്ഠിത സമ്പദ് വ്യവസ്ഥ എന്നിവയെ അടിസ്ഥാനമാക്കി ഈ മൂന്ന് ജില്ലകളെയും തന്ത്രപരമായി ആസൂത്രണം ചെയ്ത ഒരു ഏകീകൃത സാമ്പത്തിക മേഖലയായി വികസിപ്പിക്കുകയാണ് ലക്ഷ്യം. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കേരളത്തിലെ ബഹിരാകാശ-അത്യാധുനിക സാങ്കേതികവിദ്യാ മേഖല, ധാതു സംസ്കരണ ശേഷി, സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയുടെ പരസ്പരപൂരകമായ ശക്തികളെ പ്രയോജനപ്പെടുത്തി ആഗോളതലത്തിൽ മത്സരക്ഷമമായ നിക്ഷേപകേന്ദ്രമായി തെക്കൻ കേരളത്തെ ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.



വ്യവസായവൽക്കരണത്തിന് വേഗം നൽകുന്നതിനൊപ്പം വലിയ തോതിലുള്ള പൊതുമേഖലാ-സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കാനും ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നൂതന സാങ്കേതികവിദ്യ, അത്യാധുനിക ഉൽപ്പാദനം, ചരക്കുനീക്കം, സുസ്ഥിര സാമ്പത്തിക വളർച്ച എന്നിവയുടെ ദേശീയതലത്തിലുള്ള പ്രധാന കേന്ദ്രമായി തെക്കൻ കേരളത്തെ മാറ്റാനും സാമ്പത്തിക ഇടനാഴിക്ക് സാധിക്കും. ഇതിനായി വ്യക്തമായ നടപ്പാക്കൽ ചട്ടക്കൂട്, സ്ഥാപന സംവിധാനങ്ങൾ, ധനസമാഹരണ രീതി, പ്രതീക്ഷിക്കുന്ന സാമ്പത്തിക-സാമൂഹിക നേട്ടങ്ങൾ, പ്രവർത്തന പുരോഗതി അളക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ എന്നിവയും രൂപപ്പെടുത്തേണ്ടതുണ്ട്.

വലിയ വ്യവസായ നിക്ഷേപങ്ങൾക്ക് അനുയോജ്യമായ പ്രത്യേക നിയമ-സ്ഥാപന സംവിധാനമൊരുക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക നിക്ഷേപ മേഖല രൂപപ്പെടുത്താനുള്ള നിർദേശവും കേരളത്തിന്റെ വ്യവസായ വികസനത്തിന് പുതിയ സാധ്യതകൾ തുറക്കുന്നു. വൻതോതിലുള്ള വ്യവസായ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനായി പ്രത്യേക നിയമപരമായ ചട്ടക്കൂട്, ലോകോത്തര വ്യവസായ അടിസ്ഥാനസൗകര്യങ്ങൾ, ഏകജാലക അനുമതി സംവിധാനം, ഏകീകൃത ഭൂമിനിർവഹണം, വേഗത്തിലും കാര്യക്ഷമമായും തീരുമാനങ്ങളെടുക്കുന്ന ഭരണസംവിധാനം എന്നിവ ഉൾപ്പെടുന്ന പ്രത്യേക നിക്ഷേപ പരിസ്ഥിതി സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

നിർമാണം, ചരക്കുനീക്കം, സാങ്കേതിക വിദ്യ, പുനരുപയോഗിക്കാവുന്ന ഊർജം തുടങ്ങിയ മേഖലകളിലെ വലിയ നിക്ഷേപങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും സംസ്ഥാനത്തിന്റെ നിക്ഷേപാന്തരീക്ഷവും വ്യവസായ മത്സരക്ഷമതയും മെച്ചപ്പെടുത്തുന്നതിനും പ്രത്യേക നിക്ഷേപ മേഖല സഹായകമാകാം. ഇതോടൊപ്പം തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും ദീർഘകാല വ്യവസായ വളർച്ചയ്ക്ക് ശക്തമായ അടിത്തറ സൃഷ്ടിക്കുകയും ചെയ്യുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്. വ്യക്തമായ ഭരണരീതി, നടപ്പാക്കൽ സംവിധാനം, ധനസമാഹരണ മാതൃക, സാമ്പത്തിക-സാമൂഹിക ഫലങ്ങൾ, പ്രവർത്തനഫലം വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവയോടെയാണ് ഇത്തരം പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകേണ്ടത്.



അതേസമയം വികസനവും പരിസ്ഥിതി സംരക്ഷണവും പരസ്പരം വിരുദ്ധമായ ആശയങ്ങളായി കാണേണ്ടതില്ല. കേരളത്തിന്റെ പ്രകൃതിസമ്പത്തിനെ സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് ഭാവിയുടെ വഴി. പുനരുപയോഗിക്കാവുന്ന ഊർജം, വൈദ്യുത വാഹനങ്ങൾ, മാലിന്യങ്ങളുടെ പുനരുപയോഗം, ഹരിത കെട്ടിടങ്ങൾ, ജലസംരക്ഷണം, പ്രകൃതിദുരന്തങ്ങളെ നേരിടാനുള്ള ശേഷിയുള്ള അടിസ്ഥാനസൗകര്യങ്ങൾ എന്നിവ വികസനത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും സമന്വയം സാധ്യമാക്കും. ഉത്തരവാദിത്തമുള്ള വ്യവസായവും ഉത്തരവാദിത്തമുള്ള നിക്ഷേപവും കേരളത്തിന്റെ വികസനത്തിന്റെ അടിസ്ഥാന തത്വങ്ങളാകണം.

കേരളത്തിലെ നഗരങ്ങളും പുതിയ കാഴ്ചപ്പാടോടെ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കാര്യക്ഷമമായ പൊതുഗതാഗതം, ശുചിത്വമുള്ള പൊതുസ്ഥലങ്ങൾ, ഹരിതമേഖലകൾ, മാലിന്യസംസ്കരണം, നടന്നു സഞ്ചരിക്കാവുന്ന നഗരങ്ങൾ, മികച്ച പൊതുസേവനങ്ങൾ എന്നിവ നഗരജീവിതത്തിന്റെ നിലവാരം ഉയർത്തും. വലിയ നഗരങ്ങൾക്കൊപ്പം ചെറുപട്ടണങ്ങളെയും പ്രാദേശിക സാമ്പത്തിക വളർച്ചയുടെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്.

കേരളത്തെ പുനർസങ്കൽപ്പിക്കുക എന്നത് പഴയ കേരളത്തെ ഉപേക്ഷിക്കുകയല്ല. കേരളം നേടിയ സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങളെ സംരക്ഷിച്ചുകൊണ്ട് പുതിയ കാലത്തിന്റെ സാധ്യതകളുമായി അവയെ ബന്ധിപ്പിക്കുകയാണ്. അറിവിനെ സാമ്പത്തിക വളർച്ചയുമായി, യുവശേഷിയെ സംരംഭകത്വവുമായി, ശാസ്ത്രസാങ്കേതിക വിദ്യയെ ഭരണസംവിധാനവുമായി, പ്രകൃതിയെ സുസ്ഥിര വികസനവുമായി, പ്രവാസി സമൂഹത്തെ നിക്ഷേപവും അറിവുമായി ബന്ധിപ്പിക്കുന്ന പുതിയ വികസന മാതൃകയാണ് കേരളത്തിന് ആവശ്യം.

ഭാവി സ്വയം രൂപപ്പെടുന്നതല്ല; ഇന്നത്തെ തീരുമാനങ്ങളിലൂടെയാണ് അത് സൃഷ്ടിക്കപ്പെടുന്നത്. അതുകൊണ്ട് കേരളത്തെ പുനർസങ്കൽപ്പിക്കുക എന്നത് ഒരു ആശയം മാത്രമല്ല, കൂടുതൽ സുസ്ഥിരവും സമഗ്രവും വിജ്ഞാനാധിഷ്ഠിതവും അവസരസമ്പന്നവുമായ കേരളത്തിനായുള്ള കൂട്ടായ ദർശനമാണ്.




'റീഇമാജിനിങ് കേരളം' സമ്മേളനം ഭാവി കേരളത്തിന്റെ വികസന കാഴ്ചപ്പാടുകൾക്കും സാമ്പത്തിക വളർച്ചയ്ക്കും വ്യക്തമായ ദിശാബോധം നൽകുന്ന നിർണ്ണായകമായ ഒരു ചുവടുവെപ്പാണ്. പ്രഖ്യാപിക്കപ്പെട്ട 35 പ്രധാന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവതലമുറയ്ക്ക് സംസ്ഥാനത്ത് തന്നെ മെച്ചപ്പെട്ട ഭാവി ഉറപ്പാക്കാനും ഈ സംരംഭം വഴിതുറക്കുന്നു. മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിലുള്ള കൃത്യമായ നിരീക്ഷണ സംവിധാനവും ഡി.പി.ആർ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികളുടെ വേഗത്തിലുള്ള പൂർത്തീകരണവും പദ്ധതികളുടെ വിജയകരമായ നടപ്പാക്കലിന് ഉത്തേജനമേകും. സാങ്കേതിക വിദ്യ, വ്യവസായം, സാമൂഹിക ക്ഷേമം എന്നിവ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് നവകേരള നിർമ്മിതിയിലേക്ക് കുതിക്കാൻ ഈ കർമ്മപദ്ധതിക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

**കെ.എസ്.ഐ.ഡി.സി.**

ISO 9001:2015 CERTIFIED COMPANY

**COCHIN RUBBERS**

Redefining your journey

# CÖBBER

Redefining your journey



## WORLD'S LEADING RETREADING MATERIALS MANUFACTURER

Cochin Rubbers has been a trusted name in the tyre retreading industry for decades, delivering high-quality materials that power safer, longer and more efficient journeys.

**EXTRA MILEAGE** | **GRIP** | **SAVINGS**

**SERVING THE TYRE RETREADING INDUSTRY SINCE 1980**

## OUR PRODUCTS



Precured Tread Rubber (PCTR)



Conventional Tread Rubber



Bonding Gum




Black Vulcanizing Solution (BVC)

+91 62357 71774, +91 62357 71773

sales@cochinrubbers.com

www.cochinrubbers.com

23B, Development Plot, Kalamassery, Cochin, Kerala, India - 683104

**COCHIN RUBBERS**

Redefining your journey

# കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ സംസ്ഥാന ഭാരവാഹികൾ 2026-2028

## State President



**Joseph Paikada**
State President

## Immediate Past President | State General Secretary | State Treasurer



**A. Nizarudeen**
Immediate Past President



**N.A. Anise**
General Secretary



**A.V. Sunil Nath**
State Treasurer

## Vice Presidents



**Len Philip**
Vice President (S.Z.)



**P.J. Jose**
Vice President (C.Z.)



**K.V. Anvar**
Vice President (N.Z.)

## Secretaries



**C.S. Pradeep Kumar**
Secretary (S.Z.)



**M.M. Mujeeb Rahman**
Secretary (C.Z.)



**S. Rajaram**
Secretary (N.Z.)

## Joint Secretaries



**P. Aparna**
Joint Secretary (S.Z.)



**Hema Ratna Singh**
Joint Secretary (C.Z.)



**K.P. Soumya**
Joint Secretary (N.Z.)

# കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ
## സ്റ്റേറ്റ് കോൺഫറൻസിന്റെയും 66-ാമത് വാർഷിക പൊതുയോഗത്തിന്റെയും ദൃശ്യങ്ങൾ





























INDONESIA





Canara Bank









KSSIA
KSSIA








sidbi
sidbi




KSSIA
KSSIA









MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME
सूक्ष्म उद्यमों का संबल

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip
കേരള ബ്യൂറോ ഓഫ്
ഇൻഡസ്ട്രിയൽ പ്രൊമോഷൻ

ഭക്ഷ്യ സംസ്കരണ
മേഖലയിലെ
സൂക്ഷ്മ സംരംഭങ്ങൾക്ക്

# വലിയ ഉയരങ്ങൾ താണ്ടാം

## 10 ലക്ഷം രൂപ വരെ സബ്സിഡി

എസ്.എച്ച്.ജി. അംഗങ്ങൾക്ക്
40,000 രൂപ വരെ
ധനസഹായം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ.) പദ്ധതി

പി.എം.എഫ്.എം.ഇ. കേരള ഹെൽപ് ലൈൻ
97470 22883
www.pmfmekerala.org



**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: +91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org വെബ്: www.kbip.org




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.